# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 335** **08-02-2016-ന് മറുപടിയ്ക്ക്**

**വനാവകാശ നിയമം**

**ചോദ്യം** | **മറുപടി**

**ശ്രീ.എ. കെ.ബാലൻ**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | വനാവകാശ നിയമം നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുവരെ; സമയപരിധി കഴിഞ്ഞു എങ്കിൽ കാലതാമസത്തി നുള്ള കാരണം വ്യക്തമാക്കുമോ; | (എ) | വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി വനാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിന്മേൽ 2015 ഡിസംബറിനകം തീർപ്പ കൽപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിന്മേൽ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പ് അടിയന്തര നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷവും വനാവകാശ നിയമപ്രകാരം വ്യകതിഗത അവകാശത്തിന് എത്ര അപേക്ഷകളാണ് ലഭിച്ചത്; ഇതിൽ എത്ര അപേക്ഷകൾ ഗ്രാമസഭ, ഡിവിഷൻ, ജില്ലാസമിതികൾ പാസ്സാക്കി, ഇതിൽ എത്ര അപേക്ഷകൾക്ക് റൈറ്റിലുകൾ നൽകി; ഇതിൽ എത്ര അപേക്ഷകൾക്ക്പട്ടയം നൽകി; വർഷം ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ; | (ബി) | 31-05-2011 വരെ വ്യക്തിഗത അവകാശങ്ങൾക്കായി 36123 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 32911 അപേക്ഷകൾ ഗ്രാമ സഭയും, 24846 അപേക്ഷകൾ സബ് ഡിവിഷണൽ സമിതിയും, 22443 അപേക്ഷകൾ ജില്ലാതല സമിതിയും അംഗീകരിച്ച് ആകെ 16723 റൈറ്റിലുകൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ഒന്നായി ചേർക്കുന്നു.<br>2011 മേയ് മുതൽ 31-12-2015 വരെ വ്യക്തിഗത അവകാശങ്ങൾക്കായി 67 അപേക്ഷകൾ അധികമായി ലഭിച്ചിട്ടുണ്ട്. ഇക്കാലയളവിൽ 969 അപേക്ഷകൾ ഗ്രാമസഭയും, 2543 അപേക്ഷകൾ സബ് ഡിവിഷൻ സമിതിയും, 3835 അപേക്ഷകൾ ജില്ലാതല സമിതിയും അംഗീകരിച്ച് ആകെ 8175 റൈറ്റിലുകൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം രണ്ടായി ചേർക്കുന്നു.<br>വനാവകാശ നിയമപ്രകാരം പട്ടയം നൽകുന്നതിന് വ്യവസ്ഥയില്ല. |

......2

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷവും വനാവകാശ നിയമപ്രകാരം സാമൂഹ്യാവശ്യങ്ങൾക്കും, ഊരുകളുടെ വികസന ആവശ്യങ്ങൾക്കും വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര അപേക്ഷകൾ ഗ്രാമസഭ, ഡിവിഷൻ, ജില്ലാസമിതികൾ പാസ്സാക്കി; ഇതിൽ എത്ര അപേക്ഷകൾക്ക് റൈറ്റിലുകൾ നൽകി; ഇതിൽ എത്ര അപേക്ഷകൾക്ക് പട്ടയം നൽകി; വർഷം, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ; | (സി) | ഇതു സംബന്ധിച്ച വിവരം അനുബന്ധം മൂന്നായി ചേർക്കുന്നു. |
| (ഡി) | 2011 ജൂണിന് ശേഷം വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി ഭൂസർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമി സർവ്വേ നടത്തി; ഇതിൽ എത്ര ഏക്കർ ഭൂമി എത്ര പേർക്ക് വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

A Jiths...

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്